ഉത്തരം

(എ) റേഷൻ വ്യാപാരികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിവേദിത പി. ഹരൻ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും കമ്മീഷൻ പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയും ചെയ്യുന്നു. കൂടാതെ ഡബ്ല്യു.എഫ്.പി.-യുടെ നേതൃത്വത്തിലും റേഷൻകടക്കാരുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) റേഷൻ ഡീലർ വ്യാപാരികളുടെ കമ്മീഷൻ 1-1-2015മുതൽ ക്വിന്റലിന് പരമാവധി 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻകട നടത്തുന്നവർക്ക് നിശ്ചിത വേതനം നൽകുന്നത് സംബന്ധിച്ച നടപടി നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) റേഷൻ ഡിപ്പോകളിൽനിന്നും ഇന്റന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നെല്ല് സംഭരണം

214 (1258) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും വിവിധ പ്രദേശങ്ങളിൽ നെല്ല് സംഭരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു ക്വിന്ററൽ നെല്ലിൽനിന്നും നിശ്ചിത അളവ് കുറവ് ചെയ്യാൻ (പതിരിന്റെയും മറ്റും പേരിൽ) അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്നും വെളിപ്പെടുത്താമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിച്ച നെല്ലിന് കർഷകർക്ക് കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്നും ഇത് ഏത് മാസം വരെയുള്ളതാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണത്തിന് ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത തുക പൂർണ്ണമായും നെല്ല് സംഭരണത്തിന് ഉപയോഗിച്ചോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ 1.43 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചു. രണ്ടാം സീസണിൽ 5-3-2015 വരെ 67217 ടൺ സംഭരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ലാണ് സപ്ലൈകോ സംഭരിക്കുന്നത്. നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യുന്ന അപേക്ഷയിൽ തന്നെ സപ്ലൈകോയുടെ നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സപ്ലൈകോ അനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ല് സംഭരിക്കുന്നു. സംഭരിക്കുന്ന നെല്ലിന്റെ 68% നിശ്ചിത ഗുണനിലവാരത്തിലുള്ള അരി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യേണ്ടതാണ്. കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം മേൽ നിബന്ധനയിൽ 13-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

(സി) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 54.7 കോടി രൂപ പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS (പാഡി റസീറ്റ് ഷീറ്റ്) വെരിഫിക്കേഷൻ നടത്തി കൃഷിയുടെ വിവ കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ളനടപടികൾ പുരോഗമിക്കുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭരണത്തിന് 190 കോടി രൂപയാണ് അനുവദിച്ചത്. ടി തുക പൂർണ്ണമായും കർഷകർക്ക് നെല്ല് വില നൽകുന്നതിനാണ് വിനിയോഗിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly